ഉത്തരം

(എ, ബി) ഏലപ്പാറ വില്ലേജ് ഇപ്പോഴും പീരുമേട് പോലീസ് സ്റ്റേഷൻ പരിധിയിലാണ്. എന്നാൽ വാഗമൺ വില്ലേജിലെ ഏലപ്പാറ പഞ്ചായത്ത് പ്രദേശം മാത്രം ഉപ്പുതറ പോലീസ് സ്റ്റേഷനോട് ചേർന്നതാണ്. ഈ പ്രദേശം പീരുമേട് പോലീസ് സ്റ്റേഷനോട് ചേർക്കുന്നതിന് തൽക്കാലം ഉദ്ദേശമില്ല.

കിളിമാനൂർ പോലീസ് സ്റ്റേഷനു പുതിയ കെട്ടിടം

396. [505] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ പോലീസ് സ്റ്റേഷനു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് ;

(ബി) ഈ കെട്ടിടം പണിയുന്നതിന് സത്വര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) കിളിമാനൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

(ബി) സാമ്പത്തികപരിമിതി കാരണം ഈ സാമ്പത്തികവർഷത്തിൽ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയില്ല.

വാഗമൺ ഔട്ട് പോസ്റ്റ്

397. [506] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ അധികാരപരിധിയിൽപ്പെട്ടതും നിർത്തലാക്കിയതുമായ വാഗമൺ ഔട്ട്പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

വാഗമൺ പോലീസ് ഔട്ട്പോസ്റ്റ് പുനഃസ്ഥാപിക്കുവാൻ ഉദ്ദേശമില്ല.

போலீஸ் படையின் எண்ணிக்கை

(Strength of Police Force)

398. [507] ஸ்ரீ. ஜி. வரதன் : கீழ்காணும் விஷயங்களுக்கு முதன் மந்திரி தயைகூர்ந்து விடை நல்குவாரா :

(எ) மாநிலத்தில் போலீஸ் படையின் எண்ணிக்கை மக்கள் தொகைக்கு விகிதாச்சாரமாக பிற மாநிலங்களில் உள்ளதைவிடக் குறைவா ;

(பி) போலீஸ் படையின் எண்ணிக்கை என்னவென்று கூறலாமா ?

Answer

(a) The strength of the Police Force in the State in proportion to the population is more when compared to other 8 States and less when compared to other 13 States.

(b) Total Strength 33072.

LIBRARY ARCHIVES Kerala Legislative Assembly